# പ്രസിദ്ധീകരണക്കുറിപ്പ്

എറണാകുളം ജില്ലയിൽ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II (SR for SC/ST & ST Only) (കാറ്റഗറി നമ്പർ-306/2020) തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ പ്രമാണ പരിശോധന 18.03.2021,19.03.2021 തീയതികളിൽ രാവിലെ 10.15 Am മണി മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള പ്രൊഫൈൽ മെസ്സേജ്, എസ്.എം.എസ് എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അസ്സൽ സർട്ടിഫിക്കറ്റുകൾ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും, മെസ്സേജിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലത്തും, സമയത്തും വെരിഫിക്കേഷന് ആവശ്യമായ അസ്സൽ രേഖകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് OneTime Verification Profile-ൽ Log in ചെയ്യുക.പ്രസ്തുത ദിവസങ്ങളിൽ എറണാകുളം ജില്ലാ ഓഫീസിൽ വെരിഫിക്കേഷന് ഹാജരാകുവാൻ സാധിക്കാത്ത മറ്റ് ജില്ലകളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾക്ക് അവർക്ക് സൗകര്യപ്രദമായ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകളിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്താവുന്നതാണ്. വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ സർക്കാരിന്റെ കോവിഡ് -19 സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.